# ശുചിത്വ മിഷൻ
## തദ്ദേശ സ്വയംഭരണ വകുപ്പ്
## കേരള സർക്കാർ

മാലിന്യമുക്ത കേരളം

#document 23.05.2023

**വിവധ ജില്ലാശുചിത്വമിഷൻ ഓഫീസുകളിൽ അസിസ്റ്റൻറ് ജില്ലാ കോ ഓർഡിനേറ്റർ തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം**

തദ്ദേശസ്വയംഭരണ വകുപ്പിൻറെ കീഴിലുള്ള ജില്ലാ ശുചിത്വമിഷനുകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളിലേക്ക് സംസ്ഥാന സർക്കാരിൻറെ വിവിധ വകുപ്പുകളിൽ ജോലി നോക്കി വരുന്നവരും ശുചിത്വമിഷൻ പ്രവർത്തനങ്ങളിൽ താത്പര്യമുള്ളവരുമായ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ മലപ്പുറം കോഴിക്കോട്, കണ്ണൂർ കാസർഗോഡ് എന്നീ 8 ജില്ലകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (ഐ.ഇ.സി) ടെ ഓരോ ഒഴിവിലേക്കും പത്തനംതിട്ട, ആലപ്പുഴ, , എറണാകുളം, തൃശ്ശൂർ, ,മലപ്പുറം , വയനാട്, , എന്നീ 6 ജില്ലകളിൽ അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (സോളിഡ് വേസ്റ്റ് മാനേജ്മെൻറ്) ൻറെ ഓരോ ഒഴിവിലേക്കുമാണ് അപേക്ഷ ക്ഷണിക്കുന്നത്. .

അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ (ഐഇസി) തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ 39300 -- 83000 എന്ന ശമ്പള സ്കെയിലിൽ സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവരും , വിവര വിജ്ഞാന വ്യാപന പ്രവർത്തന മേഖലയിൽ താത്പര്യമുള്ളവരുമായിരിക്കണം. സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ജേർണലിസത്തിൽ ബിരുദം/ ബിരുദാനന്തര ബിരുദം, ജേർണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കനിൽ ബിരുദം, MSW എന്നിവയിൽ ഏതെങ്കിലും യോഗ്യതയും, ബന്ധപ്പെട്ട മേഖലയിൽ ചുരുങ്ങിയത് 2 വർഷത്തെ പ്രവർത്തി പരിചയവും ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

അസിസ്റ്റൻറ് ജില്ലാ കോ-ഓർഡിനേറ്റർ (സോളിഡ് വേസ്റ്റ് മാനേജ്മെൻറ്) തസ്തികയിൽ അപേക്ഷിക്കുന്നവർ 43400- 91200 ശമ്പള സ്കെയിലിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിചെയ്യുന്നവരും സയൻസ് വിഷയത്തിൽ ബിരുദം അല്ലെങ്കിൽ സിവിൽ എഞ്ചിനീയറിംങ് ഡിപ്ലോമ/ബിരുദം ഉളവരും ആയിരിക്കണം. എഞ്ചിനീയറിംഗ് യോഗ്യത നേടിയ ശേഷം ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്..

.താല്പര്യമുള്ള അപേക്ഷകർ കെ.എസ്.ആർ പാർട്ട്(1) റൂൾ 144 പ്രകാരമുള്ള അപേക്ഷ, നിലവിലെ വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം, സഹിതം **15/06//2023 വൈകു 3.00. മണിക്ക് മുമ്പായി എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ശുചിത്വമിഷൻ, റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം - 695033** എന്ന വിലാസത്തിൽ ലഭ്യമാകും വിധം നേരിട്ടോ, തപാലിലോ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ **www.suchitwamission.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

K T Balabhaskaran
Executive Director

* This is a computer system (Digital File) generated letter. Hence there is no need for a physical signature.